ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ക്രമത്തിൽ ശമ്പളവും അലവൻസുകളും നൽകിവരുന്നു. ക്ഷേത്ര ജീവനക്കാർക്ക് പ്രത്യേക ഉത്തരവിലൂടെ ശമ്പള പരിഷ്കരണം നൽകിവരുന്നു.

കൊച്ചി ദേവസ്വം ബോർഡിൻകീഴിലെ വലുതും ചെറുതുമായ ക്ഷേത്രങ്ങളിലെ 1250 ഓളം ജീവനക്കാർക്ക് 2007-ൽ ശമ്പള പരിഷ്കരണ ആനുകൂല്യം നൽകിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിൻകീഴിലുള്ള സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലേതുൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 1-3-2009-ൽ ശമ്പളം പുതുക്കി നൽകിയിട്ടുണ്ട്. 5000-ൽ അധികം ജീവനക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ജീർണ്ണോദ്ധാരണ ഫണ്ട് നൽകുമ്പോൾ ഇത്തരം ക്ഷേത്രങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകി തുക അനുവദിക്കാറുണ്ട്.

ഗുരുവായൂർ ദേവസ്വം സ്വന്തം ഫണ്ടിൽ നിന്നും കഴിഞ്ഞ 5 വർഷം ആകെ 5,73,46,000 രൂപ കേരളത്തിലെ ഇതര ഹിന്ദു ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതുവഴി ഏകദേശം 2500 ക്ഷേത്രങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ജീവനക്കാർക്കായി ദേവസ്വം ആക്റ്റിനും, റഗുലേഷനും വിധേയമായി ആനുകൂല്യങ്ങളും മറ്റ് ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

സർക്കാർ പ്രസ്സുകളുടെ നവീകരണം

214 (6133) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം ഗവൺമെന്റ് പ്രസ്സുകളുടെ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പാഠപുസ്തകൾ മുഴുവൻ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിച്ച് സമയത്ത് ലഭ്യമാക്കാൻ കഴിയുന്നുണ്ടോ ;

(സി) തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് പ്രസ്സുകളുടെ വികസനത്തിനുവേണ്ടി വാങ്ങിയിട്ടുള്ള മെഷീനറിയുടെ വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* കൂടാതെ 2 കോടിയിലധികം വിലവരുന്ന ആധുനിക വെബ് ഓഫ്സെറ്റ് മെഷീനുകൾ മണ്ണന്തല, ഷൊർണ്ണൂർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പ്രസ്സുകളിലേക്ക് വാങ്ങുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് ആധുനിക 4 കളർ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ, സി.റ്റി.പി.മെഷീൻ എന്നിവ സ്ഥാപിച്ചു. ബൈ ബാക്ക് സ്കീം മുഖേന 2.35 കോടി രൂപക്ക് എച്ച്.എം.റ്റി. മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1.50 കോടിയിലധികം വില വരുന്ന വെബ്ഓഫ്സെറ്റ് മെഷീൻ വാഴൂർ ഗവ. പ്രസ്സിലേക്ക് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ ആധുനികവൽക്കണത്തിന്റെ ഭാഗമായി 3.20 കോടി ചെലവിൽ കെട്ടിടം പണിയുന്നതിന് ശിലാസ്ഥാപനം നടത്തി. ഡി.റ്റി.പി സെക്ഷൻ ആധുനികവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു. കൊല്ലം ഗവൺമെന്റ് പ്രസ്സിനുവേണ്ടി ഉമയനല്ലൂരിൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. അച്ചടിവകുപ്പിന്റെ നവീകരണത്തിനായി ശ്രീമതി ഇന്ദിരചന്ദ്രശേഖർ (തൂലിക ബുക്സ്, ന്യൂഡൽഹി) അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ വേസ്റ്റ് പേപ്പർ ഗോഡൗൺ നിർമ്മിക്കുന്നതിന് 17 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അച്ചടി വകുപ്പിനെ ഏൽപ്പിക്കുന്ന പാഠപുസ്തകങ്ങൾ സമയത്ത് അച്ചടിച്ചു ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്.

(സി) ഡി.റ്റി.പി, ഓഫ്സെറ്റ് പ്രിന്റിംഗ് എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) ലെറ്റർ പ്രസ്സ് വിഭാഗത്തിലുള്ള കമ്പോസിറ്റർമാർക്കും എം.സി. സെക്ഷനിലുള്ള ജീവനക്കാർക്കും കെൽട്രോൺ മുഖേന ഡി.റ്റി.പി പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 25 ജീവനക്കാർക്ക് അഡ്വാൻസ് ഡി.റ്റി.പി പരിശീലനം നൽകിയിട്ടുണ്ട്. ലെറ്റർ പ്രസ്സ് വിഭാഗത്തിൽപ്പെട്ട പ്രിന്റർമാർക്കും ഓഫ് സെറ്റ് പ്രിന്റിംഗിൽ പരിശീലനം നൽകിയിട്ടുണ്ട്.

ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

215 (6134) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം ഓരോ വർഷവും ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന തുക ചെലവഴിക്കപ്പെടാതെ പോകുന്ന പതിവ് നിലനിൽക്കുന്നുണ്ടോ ;

(ബി) ഓരോ വർഷത്തേയും ബഡ്ജറ്റ് വിഹിതം ചെലവഴിക്കാതെ പോകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദീകരിക്കുമോ ;

(സി) ഈ വർഷത്തിൽ ഇവിടെ എന്തൊക്കെ മെഷീനറികൾ ഇതുവരെ വാങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly